**Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular 13/2024 10 November 2024

# ഗ്രാൻഡ് മിഷൻ 2025

"നമ്മുടെ കർത്താവായ ഈശോമിശിഹായുടെ മഹത്വം നിങ്ങൾക്ക് ലഭിക്കുന്നതിനു വേണ്ടി ഞങ്ങളുടെ സുവിശേഷത്തിലൂടെ അവിടുന്ന് നിങ്ങളെ വിളിച്ചു" (2 തെസ്സ 2:14).

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

മിശിഹായുടെ ശിഷ്യരാകാൻ സുവിശേഷത്തിലൂടെ പിതാവായ ദൈവം നമ്മെ വിളിക്കുന്നത്, ഈശോയുടെ അതേ മഹത്വത്തിൽ നമ്മെയും പങ്കുകാരാക്കാൻ വേണ്ടിയാണ്. വിശുദ്ധ പൗലോസ് ശ്ലീഹ തെസ്സലോനിക്കയിലെ സഭയ്ക്കുള്ള ലേഖനത്തിൽ പറയുന്നു: നമ്മുടെ കർത്താവായ ഈശോമിശിഹായുടെ മഹത്വം നിങ്ങൾക്ക് ലഭിക്കുന്നതിനുവേണ്ടി ഞങ്ങളുടെ സുവിശേഷത്തിലൂടെ അവിടുന്ന് നിങ്ങളെ വിളിച്ചു"(2 തെസ്സ 2:14). ഈശോ പിതാവിനോട് ഒന്നായിരിക്കുന്ന എന്നതാണ് ഈശോയുടെ മഹത്വം. "പിതാവേ നാം ഒന്നായിരിക്കുന്നത് പോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്ക് നൽകിയ മഹത്വം ഞാൻ അവർക്ക് നൽകിയിരിക്കുന്നു" (യോഹ 17: 22). മിശിഹായുടെ മഹത്വം പിതാവുമായുള്ള ഐക്യത്തിലൂടെയാണ് സംഭവിക്കുന്നതെങ്കിൽ, ശിഷ്യരായ നമ്മുടെ മഹത്വവും നാം മിശിഹായുമായി ഒന്നാകുന്നതിലൂടെയാണ് സംഭവിക്കുന്നത്. ഈ ബോധ്യം ഉണ്ടാകുമ്പോൾ മാത്രമാണ് നമുക്ക് വിശുദ്ധ പൗലോസ് ശ്ലീഹായെ പോലെ "എൻറെ കർത്താവായ ഈശോമിശിഹായെ കുറിച്ചുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ അവനെ പ്രതി സർവ്വവും ഞാനും ഉച്ചിഷ്ടമായി കണക്കാക്കി. ഇത് മിശിഹായെ നേടുന്നതിനും അവനോടുകൂടെ ഒന്നായി കാണപ്പെടുന്നതിനു വേണ്ടിയാണ്" എന്ന് പറയാൻ കഴിയുന്നത് (ഫിലിപ്പി 3:8-9).

വിശുദ്ധ പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു:: "കർത്താവുമായി സംയോജിക്കുന്നവൻ അവിടത്തോട് ഏക ആത്മാവായിത്തീരും"(1കോറി 6:17). മിശിഹായുമായുള്ള ഈ ഐക്യത്തിന്റെ ശ്രേഷ്ഠത തിരിച്ചറിയുന്നവർക്ക് മാത്രമാണ് സുവിശേഷത്തെ പ്രതിയുള്ള പീഡകളും സുവിശേഷ ശുശ്രൂഷയിലെ ക്ലേശകരമായ ത്യാഗങ്ങളും സന്തോഷപൂർവ്വം സഹിക്കാൻ കഴിയുന്നത്. ഈ ലോകത്തിൻറെ എല്ലാ സൗഭാഗ്യങ്ങളും സൗകര്യങ്ങളും അനുഭവിച്ചുകൊണ്ടും പഴയ ജീവിതത്തിൻറെ ശൈലികളിൽ നിലനിന്നുകൊണ്ടും നമുക്ക് മിശിഹായെ നേടാനോ അവനോടുകൂടെ ഒന്നായിരിക്കാനോ സാധിക്കുകയില്ല.

വിശുദ്ധ പത്രോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു: "മിശിഹായുടെ പീഡനങ്ങളിൽ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ ആഹ്ളാദിക്കും" (1 പത്രോ 4:13). നമ്മുടെ രൂപതയുടെ മധ്യസ്ഥയായ മർത്ത് അൽഫോൻസാ വളരെ ചെറുപ്പത്തിൽ തന്നെ വരാനിരിക്കുന്ന അക്ഷയമായ മഹത്വത്തെ ലക്ഷ്യം വച്ചുകൊണ്ട് ഈ ലോകത്തിലെ സഹനങ്ങളെ സ്വീകരിച്ചവളാണ്.

‘സുവിശേഷകന്റെ ജോലി ചെയ്യുക’ എന്ന തിരുവചനം ശ്ലൈഹീക ശുശ്രൂഷയുടെ ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്ന ഞാൻ അധ്യക്ഷനായിരിക്കുന്ന ഗ്രേറ്റ് ബ്രിട്ടൻ രൂപതയിൽ സുവിശേഷ വൽക്കരണത്തിന് രൂപതയുടെ ആരംഭം മുതൽ പ്രഥമ സ്ഥാനം നൽകിയിട്ടുണ്ട്. സുവിശേഷവൽക്കരണത്തിന്റെ പ്രധാനപ്പെട്ട ഒരു വേദിയായാണ് വലിയ നോമ്പിലെ ഗ്രാൻഡ് മിഷൻ ധ്യാനങ്ങളെ നാം കാണുന്നത്.

പൗരസ്ത്യ സുറിയാനി ആധ്യാത്മികതയ കുറിച്ചുള്ള പഠനത്തിനും പരിശീലനത്തിനും സവിശേഷ ശ്രദ്ധ നൽകുന്ന ഈ വർഷത്തിലെ ഗ്രാൻഡ് മിഷൻ, നമ്മുടെ ശ്രേഷ്ഠവും പുരാതനവുമായ അധ്യത്മിക സമ്പത്ത് നവമായി വീണ്ടെടുക്കുന്നതിനുള്ള അവസരമായി മാറണം. അതിന് നമ്മെ സഹായിക്കാൻ കഴിയുന്ന പ്രഗൽഭരായ ധ്യാനഗുരുക്കൻമാരെയാണ് ഗ്രാൻഡ് മിഷൻ 2025 ലേക്ക് ദൈവകൃപയാൽ നാം കണ്ടെത്തിയിരിക്കുന്നത്.

പൗരസ്ത്യ സുറിയാനി ആധ്യാത്മികതയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്ന ഈ വർഷം വിശുദ്ധ കുർബാനയിലും മറ്റു കൂദാശകളിലും യാമപ്രാർത്ഥന കളിലും സജീവമായും തീക്ഷ്ണമായും പങ്കുചേർന്ന് ഗ്രാൻഡ് മിഷൻ 2025ന്റെ വിജയത്തിനായി നമുക്ക് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

ഗ്രാൻഡ് മിഷൻ 2025ന്റെ വിജയത്തിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഇടവക/മിഷൻ/പ്രോപോസ്ഡ് മിഷന്റെ ചുമതലയുള്ള വൈദികൻ തനിക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ഭവനങ്ങളും ധ്യാനത്തിനും ഉയർപ്പ് തിരുനാളിനും ഒരുക്കമായി വെഞ്ചരിക്കുക

2. ധ്യാനത്തിന്റെ ക്രമീകരണങ്ങൾക്കായി ഓരോ ഇടവക മിഷൻ/പ്രോപോസ്ഡ് മിഷനിലും കൈക്കാരന്മാരും പാരിഷ് കൗൺസിൽ പ്രതിനിധികളും ഇവാഞ്ചലൈസേഷൻ ടീം അംഗങ്ങളും ഉൾപ്പെടുന്ന ഒരു കമ്മറ്റി രൂപീകരിക്കുക

3. ധ്യാനത്തിന് ഒരു ജനറൽ കോർഡിനേറ്ററെയും ഒരു ഓരോ കുടുംബകൂട്ടായ്മ യൂണിറ്റിലും ഓരോ കോർഡിനേറ്ററെയും തെരഞ്ഞെടുക്കുക

4. യൂണിറ്റ് അടിസ്ഥാനത്തിൽ കുടുംബ കൂട്ടായ്മ ഭാരവാഹികൾ 2024 ഡിസംബർ 17 നകം ഭവന സന്ദർശനം നടത്തി ധ്യാനത്തെപ്പറ്റി അറിയിക്കുകയും എല്ലാ കുടുംബാംഗങ്ങളെയും ക്ഷണിക്കുകയും ധ്യാനത്തിനായി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക

5. ദേവാലയത്തിലും കുടുംബങ്ങളിലും വ്യക്തിപരമായും ധ്യാനം സമർപ്പിച്ച് ഉപവാസവും യാമ പ്രാർത്ഥനകളും മറ്റ് മധ്യസ്ഥ പ്രാർത്ഥനകളും നടത്തുക

6. ഗ്രാൻഡ് മിഷൻ 2025നു വേണ്ടി നൽകപ്പെടുന്ന കാറോസൂസ എല്ലാ കുർബാനകളിലും കുടുംബക്കൂട്ടായ്മകളിലും കുടുംബ പ്രാർത്ഥനയിലും 2025 ജനുവരി 26 മുതൽ 2025 ഏപ്രിൽ 13 വരെ ചൊല്ലുകയും എല്ലാ ഞായറാഴ്ചകളിലും ധ്യാനത്തെപ്പറ്റി വിശ്വാസികളെ ഓർമിപ്പിക്കുകയും ചെയ്യുക

7. സാമൂഹിക മാധ്യമങ്ങളിലൂടെയും വ്യക്തിബന്ധങ്ങൾ വഴിയും ധ്യാനയെക്കുറിച്ച് ആവർത്തിച്ച് അറിയിപ്പുകൾ നൽകുക

8. ഇടവക/മിഷൻ/പ്രോപോസ്ഡ് മിഷൻതലത്തിൽ ഏകദിന ഒരുക്ക ശുശ്രൂഷകളും ഉപവാസ പ്രാർത്ഥനകളും ധ്യാനത്തിനു മുന്നോടിയായി ക്രമീകരിക്കുക

9. അതത് കുടുംബ കൂട്ടായ്മ അതിർത്തിയിൽ പുതുതായി വന്നു ചേർന്നിരിക്കുന്ന കുടുംബങ്ങളെയും വ്യക്തികളെയും ഇതുവരെ കൂട്ടായ്മയുടെ ഭാഗമായിട്ടില്ലാത്തവരെയും ഭാരവാഹികൾ കണ്ടെത്തുകയും ധ്യാനത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുക

10. ധ്യാനത്തിൽ പങ്കെടുക്കാൻ തടസ്സമുള്ളവർക്ക് വേണ്ടി ത്യാഗ മനോഭാവത്തോടെ പ്രത്യേക മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ധ്യാനത്തിൽ സംബന്ധിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക

11. ധ്യാനത്തിൽ വന്ന് സംബന്ധിക്കാൻ വാഹന സൗകര്യം ആവശ്യമുള്ളവർക്ക് അത് നൽകുവാൻ സാധ്യതയുള്ളവർ തയ്യാറാകണം

12. ഇടവക/മിഷൻ/പ്രോപോസ്ഡ് മിഷനിൽ സുവിശേഷവൽക്കരണത്തോട് ആഭിമുഖ്യമുള്ള എല്ലാ കുടുംബങ്ങളെയും വ്യക്തികളെയും കണ്ടെത്തി ഇവാഞ്ചലൈസേഷൻ ടീമിനോട് ചേർത്ത് ധ്യാനത്തിന്റെയും മറ്റു സുവിശേഷവൽക്കരണ ശുശ്രൂഷകളുടെയും വിജയത്തിനായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക

13. കുട്ടികൾക്കായി പ്രത്യേക ധ്യാന ശുശ്രൂഷകൾ ക്രമീകരിക്കുക. അതത് ഇടവക/മിഷൻ/പ്രോപോസ്ഡ് മിഷനിൽ വരുന്ന ധ്യാനഗുരുവുമായി ആലോചിച്ച് ഗാനശുശ്രൂഷ ക്രമീകരിക്കുക

14. ധ്യാനം നടക്കുന്ന ദിവസങ്ങളിൽ ധ്യാനത്തിന്റെ വിജയത്തിനായി സാധിക്കുന്ന എല്ലാവരും മധ്യസ്ഥ പ്രാർത്ഥന നടത്തുക.

ഇയർ ഓഫ് സ്പിരിച്വാലിറ്റിയിൽ നടക്കുന്ന ഗ്രാൻഡ് മിഷൻ 2025, സുവിശേഷം ശ്രവിക്കുന്നതിനും, സുവിശേഷത്തെ പ്രതിയുള്ള പീഡകൾ സന്തോഷത്തോടെ ഏറ്റെടുക്കുന്നതിനും, മിശിഹായുടെ മഹത്വത്തിൽ പങ്കുചേരുന്നതിനും നിങ്ങളെ എല്ലാവരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നിങ്ങളെ എല്ലാവരെയും നമ്മുടെ കർത്താവായ ഈശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ

മിശിഹായിൽ സ്നേഹപൂർവ്വം.

+ Joseph Srampickal

ജോസഫ് സ്രാമ്പിക്കൽ -

ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതാ മെത്രാൻ

CATHOLIC SYRO-MALABAR EPARCHY OF GREAT BRITAIN

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടനിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2024 നവംബർ 17ന് വായിക്കേണ്ടതാണ്(അന്ന് വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച വായിക്കേണ്ടതാണ്.)